MOST URGENT / TIME LIMIT

"ഭരണഭാഷ - മാതൃഭാഷ"

ഡിസിഇ/അനോമലി സെൽ/23156/2017.

ചീഫ് എൻജിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം,
തീയതി 23/01/2019.

## സർക്കുലർ - 1

വിഷയം - ജലസേചനം-ജീവനക്കാര്യം - ജീവനക്കാരുടെ പ്രൊമോഷൻ, സീനിയോരിറ്റി തുടങ്ങിയവയിലുള്ള ക്രമക്കേടുകൾ പരിഹരിക്കുന്നതിന് ഒരു വിഭാഗം മിനിസ്റ്റീരിയൽ ജീവനക്കാർ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ മുമ്പാകെ സമർപ്പിച്ച പരാതി - അനോമലി സെല്ലിന്റെ പരിശോധന സമയബന്ധിതമായി പൂർത്തിയാക്കുന്നത് - സംബന്ധിച്ച്.

സൂചന - 1. 11/10/2017-ലെ ഈ കാര്യാലയത്തിലെ സർക്കുലർ നമ്പർ ഐഎസി/ജനറൽ/2017.
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ(ഇകെഎം) 841/17 ലെ ഉത്തരവ്.

മേൽ വിഷയത്തിലേയ്ക്ക് എല്ലാ മിനിസ്റ്റീരിയൽ ജീവനക്കാരുടേയും ശ്രദ്ധ ക്ഷണിക്കുന്നു. സൂചന(1) പ്രകാരം സർവ്വീസ് ബുക്കുകളും അസ്സൽ ഡിപ്പാർമെന്റൽ ടെസ്റ്റ് സർട്ടിഫിക്കറ്റുകളും പരിശേധനയ്ക്ക് ലഭ്യമാക്കാൻ ഈ കാര്യാലയത്തിൽ നിന്ന് നിർദ്ദേശം നൽകിയിരുന്നു. അയോഗ്യരായവരും വ്യാജ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നേടിയവരും വകുപ്പിലുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് ഈ അന്വേഷണം നടത്തേണ്ടിവന്നത്. ഇത്തരത്തിലൊരു പരാതി ഉയർന്ന സാഹചര്യത്തിൽ സ്വന്തം യോഗ്യത തെളിയിക്കാൻ ഓരോ ജീവനക്കാരനും ബാദ്ധ്യസ്ഥരാണ്. സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് പി.എസ്.സിയിൽ നിന്നും വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കണമെന്നും സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില ജീവനക്കാർ നാളിതുവരെ അസ്സൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന് കാണുന്നു. ബഹു. .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി പ്രകാരം 13/05/2019-ന് മുമ്പായി അനോമലി സെൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. സമയപരിധി ഇനിയും ദീർഘിപ്പിച്ച് നൽകുകയില്ല എന്ന് ബഹു.കോടതി വ്യക്തമാക്കിയിട്ടുമുണ്ട്. ആയതിനാൽ റിപ്പോർട്ട് വൈകുന്നത് **കോടതിയലക്ഷ്യത്തിന്** ഇടയാക്കും. **ഈ സാഹചര്യത്തിൽ ക്ലർക്ക് മുതൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് വരെയുള്ള എല്ലാ മിനിസ്റ്റീരിയൽ ജീവനക്കാരും (സൂചനയിലെ സർക്കുലർ തീയതിയിൽ സർവ്വീസിലുണ്ടായിരുന്ന എല്ലാപേരും) തങ്ങളുടെ സർവ്വീസ് ബുക്കും അസ്സൽ യോഗ്യതാ സർട്ടിഫിക്കറ്റും അനോമലി സെല്ലിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി എന്ന് ഉറപ്പാക്കേണ്ടതാണ്.** നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ലിക്കേറ്റ് വാങ്ങാനുള്ള നിർദ്ദേശം 11/10/2017-ലെ സർക്കുലറിൽ തന്നെ നൽകിയിട്ടുള്ളതാണ്. ഒരു വർഷം കഴിഞ്ഞിട്ടും അസ്സൽ/ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ഇതുവരെ ഹാജരാക്കാത്ത ജീവനക്കാർ **10/02/2019** ന് മുമ്പായി സർവ്വീസ് ബുക്കുകളും, സർട്ടിഫിക്കറ്റുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. **അല്ലാത്തപക്ഷം 01/04/1990 മുതലുള്ള സ്ഥാനക്കയറ്റങ്ങൾ പുന:ക്രമീകരിക്കുമ്പോൾ യോഗ്യതതെളിയിക്കാത്തവരെ പരിഗണിക്കുന്നതല്ല എന്നറിയിക്കുന്നു.**

ചീഫ് എഞ്ചിനീയർ,
ജലസേചനവും ഭരണവും

To, AEE, IT Cell (For website publication)